(സി) ലഭിച്ചിരുന്നു. സർക്കാർ സ്കൂളുകളിൽ അധിക തസ്തികകൾ അനുവദിക്കുകയോ, പ്രൈമറി പ്രധാനാദ്ധ്യാപക സ്ഥാനക്കയറ്റം പൂർത്തീകരിക്കാൻ കഴിയുകയോ, സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുകയോ ചെയ്യുകയാണെങ്കിൽ എൻ.സി.എ. ഉദ്യോഗാർത്ഥികളെ പരിഗണിക്കുവാൻ കഴിയുമെന്ന് റിപ്പോർട്ടിൽ പറയുന്നുണ്ട്. സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്ന വിഷയമായതിനാൽ ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(ഡി) നിയമനം നടത്തിയിട്ടില്ല.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരുടെ യോഗ്യത

66 (2974) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വശിക്ഷാ അഭിയാൻ (SSA) പ്രോജക്ടിലെ ബി.ആർ.സി.കളുടെ ചുമതലക്കാരായുള്ളവരെ ബ്ലോക്ക് പ്രോഗ്രാം ഓഫീസർ (BPO)-മാരായി നിയമിക്കുന്നതിനുള്ള യോഗ്യതാമാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ;

(ബി) ആയതുമായി ബന്ധപ്പെട്ട ഗവ.ഉത്തരവുകളുടെയും അർദ്ധ സർക്കാരുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ ;

(സി) നിലവിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയില്ലാത്ത ജീവനക്കാരെ ബി.ആർ.സി.കളിൽ ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരായി നിയമിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ആയതിന് നിയമാനുസൃതമായ സാധുതയുണ്ടോ ;

(ഇ) എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരെ ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരായി നിലവിൽ നിയമിക്കുവാൻ നിയമസാദ്ധ്യതയുണ്ടോ എന്ന് അറിയിക്കാമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly